(സി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം രണ്ടാംഘട്ട പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 ക്ലസ്റ്ററുകൾക്കായി 400 ബസ്സുകൾ (110 എ.സി., 290 നോൺ എ.സി.) അനുവദിച്ചിട്ടുണ്ട്. ഇതിൽ 76 എ.സി. ബസുകളും 43 നോൺ എ.സി. ബസുകളും നിരത്തിൽ ഇറക്കിയിട്ടുണ്ട്. എ.സി. ലോ ഫ്ലോർ ബസുകളിൽ ലഭിച്ച 29 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കിടക്കുന്നു. 5 ബസുകൾ വോൾവോ കമ്പനി നൽകാനുണ്ട്. നോൺ എ.സി. സെമി ലോ ഫ്ലോർ ബസുകളിൽ ലഭിച്ച 31 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനു വേണ്ടി കിടക്കുന്നു. 216 ബസുകൾ കമ്പനികൾ നൽകുവാനുണ്ട്.

(ഡി) 2017 മാർച്ച് വരെ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകാവുന്ന ഡ്രൈവർമാരുടെ പ്രതീക്ഷിത ഒഴിവ് 761-ഉം കണ്ടക്ടർമാരുടെ പ്രതീക്ഷിത ഒഴിവ് 141-ഉം ആണ്.

കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ

227 (4562) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും അതുവഴി വരുമാന വർദ്ധനവ് കൈവരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സംവിധാനം നടപ്പാക്കിയത് സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ആണ്. ഇതിന്റെ ഓൺലൈൻ പേയ്മെന്റ് സേവനം കെൽട്രോണിന്റെ ശിപാർശയിന്മേൽ India Ideas.com Ltd. എന്ന സ്ഥാപനമാണ് നൽകുന്നത്.

(ഡി) നിലവിൽ 30 ദിവസം മുൻകൂറായി യാത്രക്കാർക്ക് ടിക്കറ്റ് റിസർവ് ചെയ്യാൻ സാധിക്കും. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സംബന്ധമായ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി കേന്ദ്ര ആസ്ഥാനമായ ട്രാൻസ്പോർട്ട് ഭവനിൽ 6.00 മണി മുതൽ 22.00 മണി വരെ പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്.

റോഡ് സേഫ്റ്റി അതോറിറ്റിയുടെ പദ്ധതികൾ

228 (4563) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ ;

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പദ്ധതികൾക്ക്/സ്കീമുകൾക്ക് ധനസഹായമനുവദിക്കുന്നതിന്റെ മാനദണ്ഡവും മാർഗ്ഗരേഖയും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ വഴി നടപ്പാക്കിയ പദ്ധതികളും പദ്ധതികൾക്ക് അനുവദിച്ച തുകയും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട്-2007, വകുപ്പ് 13(എ) മുതൽ 13(എച്ച്) വരെയുള്ള റോഡ് സുരക്ഷ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നത് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly